LIBRARY ARCHIVES Kerala Legislative Assembly

കുറ്റ്യാടി താലൂക്ക് ആശുപത്രി-ശ്രീ. വി. കെ. കരുണൻ നൽകിയ പരാതി

68 (760) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നിലവിലുള്ളവരും പെൻഷൻ പറ്റിയവരുമായ ആരോഗ്യവകുപ്പിലെ ജീവനക്കാരുടെ സർവ്വീസ് ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കാത്തത് സംബന്ധിച്ച് കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ ജീവനക്കാരനെതിരെ ശ്രീ. വി. കെ. കരുണൻ എന്നയാൾ നൽകിയ പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കോഴിക്കോട് കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ ജീവനക്കാരനെതിരെ ശ്രീ. കരുണൻ എന്നയാൾ നൽകിയ പരാതിയിന്മേൽ അന്വേഷണം നടത്തി അടിയന്തര റിപ്പോർട്ട് സമർപ്പിക്കുവാൻ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസിലെ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പുളിക്കാട് താലൂക്ക് ആശുപത്രിയിലെ ഒഴിവുകൾ

69 (761) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുളിക്കാട് താലൂക്ക് ആശുപത്രിയിൽ വേണ്ടത്ര ജീവനക്കാരില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നത് എന്ന് വിശദമാക്കാമോ ;

(ബി) ഒഴിവ് നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(സി) ലാബ് ടെക്നീഷ്യൻ തസ്തികയിൽ നിലവിലുള്ള ഒഴിവ് എന്ന് നികത്താനാകും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ഓരോ ഒഴിവുകൾ വീതം നിലവിലുണ്ട്.